# ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ
# വട്ടിയൂർക്കാവ്, തിരുവനന്തപുരം

# ചെരാത്



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION




## സന്ദേശം

**വിദ്യാർത്ഥികൾക്ക് ഏറെ താല്പര്യമുള്ള മേഖലയാണ് ഐ. ടി. നിരവധി സാധ്യതകളുള്ള മേഖല കൂടിയാണിത്. കൂട്ടായ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്താൻ ഇ - മാഗസിൻ പോലുള്ള പ്രവർത്തനങ്ങളിലൂടെ കഴിയട്ടെയെന്നു ആശംസിക്കുന്നു**

**സ്നേഹപൂർവ്വം**

**ഹയർ സെക്കന്ററി പ്രിൻസിപ്പാൾ**

**മീനാ കുമാരി. പി. എം**





## സന്ദേശം


വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും പ്രവർത്തനമികവുകളും പരിപോഷിപ്പിക്കാനായി ഇത്തരം പ്രവർത്തനങ്ങൾ വളരെ മാതൃകാപരമാണ്. വിദ്യാർത്ഥികളിൽ സംഘപ്രവർത്തനങ്ങൾക്കു മികച്ച ഉദാഹരണമാണ് ഈ പ്രവർത്തനങ്ങൾ. കൂട്ടായ പ്രവത്തനങ്ങളിലൂടെ വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടതായ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിന് ഏറെ സഹായമാണിത്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രവർത്തനത്തെ പൂർണമായും പ്രവർത്തിപഥത്തിൽ എത്തിച്ചതു വഴി കുട്ടികൾ ആർജിച്ച അറിവുകൾ ലോകത്തിലുള്ള എല്ലാ ആളുകളിലേക്കും എത്തിക്കുവാൻ കഴിയുന്നു എന്നതാണ് ലിറ്റിൽ കൈറ്റ്സ് ഇ - മാഗസിന്റെ ഏറ്റവും വലിയ വിജയം.

ഈ പദ്ധതി വിഭാവനം ചെയ്ത പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോകത്തിനാകെ മാതൃകാപരമാണ്. എല്ലാ അഭിനന്ദനങ്ങളും. ഇതിനു മുൻകൈ എടുത്ത കുട്ടികൾക്കും സഹായിച്ച എല്ലാ അധ്യാപകർക്കും എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം

വി. എച്ച്. എസ് .ഇ പ്രിൻസിപ്പാൾ

സീമാസേവ്യർ






## <u>സന്ദേശം</u>

**വിവരസാങ്കേതികവിദ്യയുടെ വിസ്മയാവഹമായ വളർച്ചയിലൂടെ, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ നവലോകത്ത്, മനുഷ്യമനസ്സിലെ മാനുഷികഭാവങ്ങളും വൈകാരികതയും മാഞ്ഞുപോകുന്ന വേളയിൽ, വിദ്യാർത്ഥിമനസ്സിലെ സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ ഒരു വേദി ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ വിദ്യാർത്ഥികൾക്കും അവർക്കു നേതൃത്വം നൽകിയ അധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

**സ്നേഹപൂർവ്വം**

**ഹെഡ്മിസ്ട്രസ്**

**ഓമന എം പി**



# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപര്യത്തെ പരിപോഷിപ്പിക്കുക, സാങ്കേതിവിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും കുട്ടികളിൽ സൃഷ്ടിച്ചെടുക്കുക എന്നിവ ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യങ്ങളാണ്. അനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഗ്രാഫിക് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, സൈബർ സുരക്ഷ, വെബ് ടിവി തുടങ്ങി നിരവധി പരിശീലനങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് നൽകുന്നു..

ഏതൊരു പ്രാദേശിക ഭാഷയും ജീവിക്കുന്നതും വളരുന്നതും അതു ഉപയോഗിക്കുന്നവർ നിത്യ ജീവിതത്തിന്റെയും സാങ്കേതിക വിദ്യയുടെയും സമസ്തതലങ്ങളിലേക്കും അവരുടെ ഭാഷയെ വളർത്തിയെടുക്കുമ്പോഴാണ്. അതിനാൽ തന്നെ പ്രാദേശിക ഭാഷാ കമ്പ്യൂട്ടിങ്ങിൽ അവബോധവും താൽപര്യവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിച്ച ഡിജിറ്റൽ മാഗസിനു എല്ലാവിധ ഭാവുകങ്ങളും നേരുന്നു

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനു വേണ്ടി

അനിത കുമാരി .ബി

(ചീഫ് എഡിറ്റർ)

# എഡിറ്റോറിയൽ ബോർഡ്

# അംഗങ്ങൾ



സ്റ്റുഡന്റ് ചീഫ്.എഡിറ്റർ

അബ്ദുള്ള സദൻ എസ്



വൈഷ്ണവി എ എം



ദുർഗേഷ് ദിനു ആർ



അനഘ ചന്ദ്രൻ



കാർത്തിക് എസ്



അർഫാന ആർ

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ



# താളുകളിൽ


| | | | |
|---|---|---|---|
| 1. | മേൽക്കൂരയില്ലാത്തവർ | കഥ | സാന്ദ്ര എൽ ആർ |
| 2. | മഴയോടുള്ള പ്രണയം | കവിത | അസിൻ ജെ എസ് |
| 3. | Ozone day | ലേഖനം | അബ്ദുള്ള സദൻ എസ് |
| 4. | വിക്രമന്റെ സത്യസന്ധത | കഥ | കൃഷ്ണ ബി |
| 5. | വിശപ്പിന്റെ വില | കഥ | സബിത ഫാത്തിമ്മ |
| 6. | Mile stone in astronomy | ലേഖനം | രാം കുമാർ എം ആർ |
| 7. | മനസ്സിനോരത്ത് | കഥ | അഞ്ജലി എ എസ് |
| 8. | മഴ | കവിത | അർഫാന |
| 9. | കരയുന്ന പുഴ | കഥ | രശ്മി ആർ |
| 10. | perodic table of chemical elements | ലേഖനം | അനഘ ചന്ദ്രൻ |
| 11. | സ്നേഹം | കവിത | ദുർഗേഷ് ദിനു ആർ |
| 12. | വായനയുടെ നന്മ | ലേഖനം | മുനവിറ ഫർഹാന |
| 13 | നിന്നെക്കാത്തു | കവിത | അസിൻ ജെഎസ് |
| 14 | മൈക്കൽഫാരഡെ | കുറിപ്പ് | കാവ്യപ്രിൻസ് |
| 15 | ആരോഗ്യമുള്ള ഒരു മികച്ച പരിസ്ഥിതിഎങ്ങനെ ഉണ്ടാക്കാം | ലേഖനം | ധീരജ് എസ് |
| 16 | പടി കടന്നവർ | കവിത | ദീപാ ദേവി ടി എസ് (Mal Tr) |
| 17 | നമ്മുടെ വേരുകൾ | കഥ | ആൻസി പി ലോറൻസ് |
| 18 | അഭിമാനം | കഥ | ശ്രീദേവ് എസ് എം |
| 19 | Wilhelm Roentgen | കുറിപ്പ് | വൈഷ്ണവി എ എം |
| 20 | വീണ്ടും ഒഴുകുന്നു | കഥ | ഷബ്ന എ സ് |
| 21 | Eugen Goldstein | കുറിപ്പ് | ആഷിയാന എൻ എസ് |
| 22 | മാതൃത്വം | കവിത | സാന്ദ്ര എസ് എസ് |
| 23 | നീലാകാശം | കഥ | അഞ്ജന എ ജെ |
| 24 | Oil conservation towards Healthy & Better envIronment | ലേഖനം | അരുൺ രാജ് |
| 25 | മാന്ത്രികജലം | കഥ | ആൻസി പി ലോറൻസ് |

ചെറുകഥ

## മേൽക്കൂരയില്ലാത്തവർ

സാന്ദ്ര എൽ ആർ 10A

എന്നും ചിന്നുക്കുട്ടിയെ കാക്കയുടെ കരച്ചിലും കുയിലിന്റെ പാട്ടുമാണ് ഉണർത്തിയിരുന്നത്. എന്നാൽ അന്ന് അവളെ ഉണർത്തിയത് കൂട്ടക്കരച്ചിലും നിലവിളിയുമാണ്. മുന്നിലേക്ക് പോകും തോറും ചന്ദനത്തിരിയുടെ സുഗന്ധം കൂടിക്കൂടി വന്നു. അതും മണത്ത് മുന്നിലെത്തിയ ചിന്നു കണ്ടത് വെള്ളത്തുണിയിൽ പൊതിഞ്ഞ് കിടക്കുന്ന ഒരാളെയാണ്. അത് തന്റെ പൊന്നച്ഛനാണെന്ന് അവൾ തന്റെ അമ്മയുടെ പൊട്ടിപ്പൊട്ടിയുള്ള കരച്ചിലിലൂടെയും അമ്മയുടെ വാക്കുകളിലൂടെ അവൾ തിരിച്ചറിഞ്ഞു.


അവൾ ഒന്ന് മാത്രമേ അമ്മയോട് ചോദിച്ചുള്ളൂ.'അമ്മേ, ഇനി വൈകുന്നേരം മിഠായിയുമായി അച്ഛൻ വരില്ലേ'. അമ്മ പൊട്ടിക്കരഞ്ഞു. ചിന്നുവിന്റെ അമ്മയ്ക്ക് ഒരു കിഡ്നി തകരാറിലാണ്. ചികിത്സക്കുള്ള കാശിനായി ബാങ്കിൽ പോയപ്പോഴായിരുന്നു വണ്ടി വന്നിടിച്ചത്. ഒരു പക്ഷേ ഫെയ്സ്ബുക്കിൽ ഫോട്ടോയും ലൈവും ഇടുന്ന സമയത്ത് അവിടെ ഉണ്ടായിരുന്നവർ അയാളെ ആശുപത്രിയിൽ എത്തിച്ചിരുന്നുവെങ്കിൽ അയാൾ ഇന്നും ജീവിച്ചേനെ. അയാൾ മരിച്ചതോടെ കടബാധ്യതകൽ തങ്ങളുടെ തലയിലാകുമെന്ന് കരുതി പലരും കൈയൊഴിഞ്ഞു. ചടങ്ങുകൾ കഴിഞ്ഞപ്പോൾ എല്ലാവരും പോയി. ആ അമ്മയും മകളും ഒറ്റയ്ക്കായി. കടക്കാർ വീട്ടിൽ ഇരച്ച് വരാൻ തുടങ്ങി. അവധികൾ പറഞ്ഞ് ചിന്നുവിന്റെ അമ്മ അവരെ തിരിച്ചയച്ചു. പലരും അപമര്യാദയായി പെരുമാറാനും തുടങ്ങി. അന്നെല്ലാം നാട്ടുകാരിൽ ചിലർ ഇടപെട്ട് എല്ലാം ഒഴിവാക്കി. അവൾ പണം അന്വേഷിച്ച് പല ബന്ധുക്കളുടെ അടുത്തും പോയി. എല്ലാവരും കൈമലർത്തി. അവസാനം ഒരു ജോലി അന്വേഷിച്ച് അവൾ ഇറങ്ങി കടം വീട്ടണം.മോളുമായി സമാധാനത്തോടെ കഴിയണം. അതായിരുന്നു അവരുടെ ആഗ്രഹം. പഠിക്കാൻ

മിടുക്കിയാണ് ആറാം ക്ലാസ്സുകാരി ചിന്നു. ഒരുപാട് സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. ഇവളുടെ പഠനമികവ് കണ്ട് അവളെ മക്കളില്ലാത്ത ഒരു പണക്കാരൻ സ്പോൺസർ ചെയ്യാമെന്ന് തീരുമാനിച്ചു. അത് ഒരു മഹാഭാഗ്യമായി ചിന്നുവിന്റെ അമ്മ കരുതി. അവർ തന്നെ ചിന്നുവിന്റെ അമ്മയുടെ കിഡ്നി ഓപ്പറേഷന്റെ ചെലവു വഹിച്ചു. കടങ്ങൾ വീട്ടി. അന്ന് ചിന്നുവിന്റെ അച്ഛനെ ഇടിച്ച കാർ ഇവരുടേതായിരുന്നു. ആ കുറ്റബോധമാണ് ഇവരെ ഇന്നിങ്ങനെ ചെയ്യിക്കാൻ പ്രേരിപ്പിച്ചത്. കാലങ്ങൾ കഴിഞ്ഞു. ചിന്നു വലിയ പഠിപ്പുള്ള മിടുക്കിയായിരുന്നു. ചിന്നുവിന്റെ സന്തോഷത്തിലും സങ്കടത്തിലും അവളുടെ അമ്മ ഒപ്പമുണ്ടായരുന്നു. ഒരു ജോലി കിട്ടിയപ്പോൾ അവൾ ജോലിസ്ഥലത്തേയ്ക്ക് താമസം മാറി. പിന്നീട് ഒരു ഗൾഫുകാരനുമായി അവളുടെ കല്ല്യാണവും കഴിഞ്ഞു. അപ്പോഴേയ്ക്കും അമ്മ അവൾക്ക് ഒരു ബാധ്യതയായിത്തീർന്നു.

അമ്മയെ കൂടെ കൂട്ടാമെന്ന ഭർത്താവിന്റെ അഭിപ്രായത്തെ നിരാകരിച്ചത് തന്നെ അവളാണ്. അമ്മയെ എവിടെ ആക്കും എന്ന ചോദ്യത്തിന് 'വൃദ്ധസദനം' എന്ന മറുപടിയാണവൾ പറഞ്ഞത്. അവൾ എന്തെല്ലാമോ പറഞ്ഞ് അമ്മയെ സമ്മതിപ്പിച്ചു. എങ്കിലും താൻ അവൾക്ക് ഒരു ബാധ്യതയായി മാറിയത് അമ്മ എന്നേ അറിഞ്ഞിരുന്നു. തന്നെ വൃദ്ധസദനത്തിലാക്കി കടൽ കടന്ന ചിന്നുക്കുട്ടിയെ അമ്മ വെറുപ്പോടെയോ ദേഷ്യത്തോടെയോ നോക്കുന്നതിന് പകരം അവളുടെ സന്തോഷത്തിനല്ലേ എന്നോർത്ത് സന്തോഷാശ്രുക്കൾ പൊഴിക്കുകയാണ് ചെയ്തത്. എല്ലാ മാസവും കൃത്യമായി പണം ആ സ്ഥാപനത്തിൽ എത്തിയിരുന്ന അവർക്ക് അവിടെ ഒരുപാട് സുഹൃത്തുക്കൾ ഉണ്ടായി. ഒരു ദിവസം "ഒരു കൂരയ്ക്കുള്ളിൽ കഴിയുന്ന നമ്മൾ മേൽക്കൂര ഇല്ലാത്തവരല്ലേ?" അടുത്തിരുന്ന അമ്മ ചോദിച്ചു.'എന്താ നീ ഉദ്ദേശിച്ചേ,തെളിച്ചു പറ'' നീ നിന്റെ ഇപ്പോഴത്തെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചു നോക്ക്. അപ്പോൾ നിനക്ക് ഉത്തരം ലഭിക്കും. ആ അമ്മ മനസ്സിലായി എന്ന ഭാവത്തിൽ ഒന്നു ചിരിച്ചു. പതിയെ ആ കണ്ണുകൾ നിറഞ്ഞു. ഞാൻ കരയില്ല. കാരണം പഠനത്തിന് കുറവായിരുന്നെങ്കിലും എന്റെ

തണലിൽ അവളെ ഞാൻ വളർത്തി. സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും മേൽക്കൂരയ്ക്കകത്താ ഞാൻ അവളെ വളർത്തിയത്. എന്നാൽ കൊടുത്തത് തിരിച്ചുകിട്ടണമെന്ന് ഉണ്ടോ? അവൾ സന്തോഷമായി കഴിയട്ടെ. എനിക്ക് ഒരു പ്രാർത്ഥനയേയുള്ളൂ. എന്റെ കൊച്ചുമക്കൾ അവളെയും കൂട്ടി ഒരു വൃദ്ധസദനത്തിന്റെയും പടി കയറല്ലെയെന്ന്! അവൾ കഴിയട്ടെ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും മേൽക്കൂരയ്ക്കുള്ളിൽ സുഖമായി ഒരമ്മയ്ക്ക് ഇതല്ലേ പ്രാർത്ഥിക്കാനാവൂ. ശരി വാ,നമുക്ക് കഴിക്കാൻ പോകാം. ദാ വരുന്നു. മോളെ വിളിക്കട്ടെ.

********************************




BY

ALBIN SHIBU 10 A

കവിത

## മഴയോടുള്ള പ്രണയം

ASIN J S 10 A

എൻ കിനാക്കളിലെ തൂമഴ നീ
എന്നെ ഉണർത്തുന്ന തൂമഴ നീ
എന്നമ്മ തലോടും പോൽ
തലോടും  തൂമഴ നീ
നിന്നിലുതിരുന്ന ഓരോ തുള്ളിയും
എൻ ഹൃദയം താരിളിതമാക്കുന്നു
അതിലൂടെ നീയെൻ ഹൃദയ
തുടിപ്പുകൾ  അറിയുന്നു
എൻ കുട്ടിക്കാല ഓർമകളിൽ
നീയെൻ ബാല്യകാലസഖിയായി
എന്നെ ഞാനാക്കിയ  ബാലകല്യസഖി
നിൻ വരവും കാത്തിരിക്കുന്നു ഞാൻ
ഇനി ഇന്നുമുതൽ എന്നേക്കും....


# OZONE DAY -SEPTEMBER 16

ABDULLA SADHAN IXA

**September 16: On December 19, 1994, the UN** General Assembly proclaimed September 16 to be the International Day for the Preservation of the Ozone Layer, commemorating the date when the Montreal Protocol on Substances that Deplete the Ozone Layer was signed in 1987. The day was first celebrated on September 16, 1995.




**Causes : chlorofluorocarbon (CFCs), halons, and other compounds deplete the ozone layer. These chemicals are found in cleaning agents, aerosols, insulating foam, and refrigerants. CFCs and halons break down into chlorine and bromine which in turn destroy the ozone layer.**



**ENVIRONMENTAL EFFECTS OF OZONE DEPLET**

Humans: an increase in UV-B rays means a higher risk of skin cancer, eye cataracts, and blindness.

Marine life: Phytoplankton and zooplankton are very sensitive to the amount of light in their environment, and increases in UV-B rays would greatly affect them. Because these organisms are the base of the food chain, declines in their numbers would likely have wide-reaching effects for all marine life.

Plants: UV-B rays negatively affect plants, including crops humans rely on. An increase in UV-B rays can mean smaller leaf size, decreased plant growth, and lower quality crops for humans. Plants form the basis for most food chains, thus negative effects would likely cascade to those organisms relying on them. Plants are also very important in terms of respiration, photosynthesis, soil stability, and a decline in plant productivity/reduced plant growth would potentially affect soil erosion and productivity and the carbon cycle.

**Advantages of the Ozone Layer**

Protection against cancer and cataracts

Ozone is very efficient at absorbing the sun's ultraviolet (UV) radiation even in very small amounts. For this reason, the ozone layer protects the earth by blocking the harmful ultraviolet (UV) radiation that can cause skin cancer and cataracts in humans.

Protection of the environment and ecosystems

The ultraviolet (UV) radiation from the sun is very harmful and can be destructive to our natural ecosystems and the environment. UV radiation has an effect upon the fertility of

some animals and affects the survival of their offspring. Plants are as well affected by UV radiation as it negatively impacts their ability to develop and grow properly.

Furthermore, UV radiation determines chemical reaction and breakdown of various atmospheric processes which can contribute to disastrous changes in the aquatic environments and other earth's ecosystems in general. For instance, changes in UV levels affect the growth and development of phytoplankton. The ozone layer thus plays an important role by preventing the harmful UV radiations from penetrating into the earth's lower atmosphere (the troposphere).

## Solutions to Ozone Layer Depletion

Depletion to ozone layer depletion does not affect a region or a country. In fact whole world is vulnerable to its after affects. The increase in the levels of UV rays lead to high rate of skin cancer and eye related problems. Lets have a look at some of the solutions to ozone layer depletion.

&&&&&&&&&&&&&&&&&&&&&&&&&&&&&

കവിത

**മാതൃത്വം**

സാന്ദ്ര എസ് എസ് IX A

മാതൃത്വം തുളുമ്പുന്ന വാക്കാണ് അമ്മ
സ്നേഹം ജ്വലിക്കുന്ന മനസ്സാണ് അമ്മ
സ്നേഹത്തിൻ പ്രതീകമാണമ്മ
എൻ ദൈവമാണമ്മ

കഥ

# വിക്രമന്റെ സത്യസന്ധത

Krishna B 10 C

പണ്ട് സുന്ദര നഗരം എന്ന ഗ്രാമത്തിൽ വിക്രമൻ എന്നു പേരുള്ള ഒരാൾ ജീവിച്ചിരുന്നു. അയാൾ ഒരു നല്ല വ്യക്തിയായിരുന്നു. അദ്ധ്വാനിച്ച് പണം സമ്പാദിക്കണം എന്ന ചിന്തയാണ് അദ്ദേഹത്തിന്റേത്. വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ട് ഏതു ജോലി ചെയ്യാനും അദ്ദേഹം തൽപരനായിരുന്നു. അദ്ദേഹത്തിന്റെ കൂടെ വൃദ്ധയായ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. താൻ അദ്ധ്വാനിച്ചു കൊണ്ടുവരുന്ന ഭക്ഷണമായിരിക്കണം താനും തന്റെ മാതാവും കഴിക്കേണ്ടതെന്ന് അയാൾ ചിന്തിച്ചു. അങ്ങനെ സുന്ദര നഗരത്തിലെ ഒരു പ്രമാണിയുടെ വീട്ടിൽ ചേർന്നു. വിക്രമനുണ്ടാക്കുന്ന വിഭവങ്ങൾ അതീവ സ്വാദിഷ്ഠമുള്ളതായിരുന്നു, അതുകൊണ്ട് ആ പ്രമാണിയുടെ മനസ്സ് കീഴ്പെടുത്താൻ വിക്രമന് പെട്ടെന്ന് സാധിച്ചു. ആ പ്രമാണിയുടെ കാര്യസ്ഥന് ഈ അടുപ്പം ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം ഭയന്നിരുന്നത് തന്റെ കാര്യസ്ഥ പദവി വിക്രമന് നൽകുമോ എന്നായിരുന്നു. വിക്രമൻ ഉണ്ടാക്കിയ ഭക്ഷണത്തിൽ കാര്യസ്ഥൻ അൽപം വിഷം കലർത്തി. പ്രമാണിയുടെ പക്കൽ ചെന്ന് വിക്രമൻ വിഷം കലർത്തിയെന്ന് പറഞ്ഞു, അത് ഞാൻ കണ്ടുവെന്നും കാര്യസ്ഥൻ പറഞ്ഞു. പ്രമാണി വിക്രമന്റെ പക്കൽ നിന്നും ആഹാരം വാങ്ങി ഒരു പൂച്ചയ്ക്ക് നൽകി. പൂച്ച ആ നിമിഷം തന്നെ ചത്തു. പ്രമാണി തനിക്കും വിഷം നൽകി കൊല്ലാൻ ശ്രമിച്ച കാര്യം നാടാകെ പരത്തി. അതുകൊണ്ട് ആരും തന്നെ വിക്രമന് ജോലി നൽകിയില്ല. പ്രമാണി വിക്രമനെ ജയലിൽ ആക്കാൻ തീരുമാനിച്ചു. വിക്രമനോട് പറഞ്ഞു നീ ചെയ്ത കുറ്റം നീ ഏറ്റു പറയണമെന്ന്. വിക്രമൻ അതിനു തയ്യാറായില്ല. വിക്രമൻ തന്റെ സത്യസന്ധതയിൽ ഉറച്ചുനിന്നു. വിഷം കലർത്തിയ കാര്യം കാര്യസ്ഥൻ തന്റെ ഭാര്യയോട് പറയുന്നത് പ്രമാണി കേട്ടു. കാര്യസ്ഥനെ ശിക്ഷിച്ചു. വിക്രമനെ തിരിച്ചു ജോലിയിൽ ചേർക്കുകയും താൻ ചെയ്ത തെറ്റിന് പ്രമാണി മാപ്പു ചോദിക്കുകയും ചെയ്തു.

************************

## കഥ

# വിശപ്പിന്റെ വില

SABITHA FATHIMMA J VIII B

വിശപ്പു അറിയുന്ന ജീവിതങ്ങൾ ഏറെയുണ്ട്. തെരുവിൽ അലയുന്ന കുഞ്ഞു ജീവനുകളെ കാണാതെ പോകരുത്. തെരുവിൽ ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ വേണ്ടി പലരുടെയും മുന്നിൽ കൈനീട്ടി നിൽക്കുന്നവർ. ഭക്ഷണത്തിന്റെ വില അറിയാതെ വലിച്ചെറിയുന്ന ആഹാരസാധനങ്ങൾ ആ കുഞ്ഞുങ്ങൾക്ക് ഒരു നേരത്തെ വിശപ്പു അകറ്റാൻ സാധിക്കും . വിശപ്പിന്റെ വില അറിയാത്ത നമ്മൾക്ക് ഭക്ഷണം ഒരു നിസ്സാരമാണ്. പട്ടിണി പാവങ്ങൾക്ക് ഒരു നേരത്തെ ആഹാരം കൊടുത്താൽ പുണ്യം കിട്ടും. കൃഷിക്കാർക്ക് ക്ഷാമം വന്ന നമ്മുടെ ഈ നാട്ടിൽ വല്ലവരുടെയും നാട്ടിൽനിന്നും വരുന്ന പച്ചക്കറികൾക്കും അരിക്കുംവേണ്ടി അലയുന്ന നമ്മൾ ആ നേരത്തു അവരുടെ പട്ടിണി കാണണം. ഒരു യുദ്ധം വന്നാൽ നമ്മുടെയെല്ലാം ഈ അഹങ്കഹാരം അവസാനിക്കും. ഭക്ഷണത്തിന്റെ വില അപ്പോഴേ അറിയൂ... ഭക്ഷണം എല്ലവർക്കും ഇപ്പോഴും കിട്ടുന്ന വസ്തുവല്ല യെന്ന്
നാം ഒരൊരുത്തരും അറിയണം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

# MILE STONES IN ASTRONOMY

Ram kumar IX A




Bharathiya astronomy has a long history stretching from prehistoric to modern times.Some of the earliest roots of indian astronomy can be dated to the period of Indus valley civilization or early astronomy later developed as a discipline of vedanga or one of the auxilliry displine associated with the study of the vedas ,dating 1500 BCE or older.The oldest known text is the vedanga jyothisha dated to1400-1200BCE

Greek astronomy was influenced by indian astronomy and vice versa begining in the fourth century BCE and through the early centuries of the common era Indian astronomy flowered in the 5th -6th with Aryabhatta ,whose Arabhattiaya represented the pinnacle of astronomical knowledge at the time.Later the Indian astronomy significantly influenced muslim astronomy,chineese astronomy,european astronomy and others.Other astronomer of the classical era to further elaborated on Aryabhattas work influenced Bramaguptha,Varahamihira and Lalla.

An identificable native Indian astronomical tradition remainededactive throug out the medieval period and in to 16th or 17th centuary,especially with in the keralaSchool of Astronomy and Mathematics

## HISTORY

Some of the earliest forms astronomy can be dated to the period of Indus valley civilization or earlier.Some cosmological concepts are present in the Vedas ,as are notions of the movement of the heavenly bodies and the course of the year .As in other traditon,there is a close association of astronomy and religion during the early history of the science,astronomical observation being necessitated by spatial and temporal requirements of correct performance of religious ritual.Thus,the Shulba Sutras ,text dedicated to altar construction,discusses advaned mathematics and basic astronomy. Vedanga Jyothisha is another of the earliest known Indian texts on the astronomy,includes the detail about the sun,moon,nashathras,lunisolar callendar.



Greek astronomical ideas began to enter India in the fourth centuary BCE followin the conquest s of Alexander the great.By the early centuaries of the common era ,Indo-greek influence on the astronomical tradition is visible,with texts such as Yavanajathaka and Romaka Sidhantha.


The classical era of Indian astronomy begins in the late Gupta era ,in the 5th-6th centuary .The Pancasiddhantika by Varahamihira approximate the method for

determination of the meridian direction from any three position of the shadow using a gnomon .By the time of Aryabhatta ,the motion of planet was treated to be elliptical rather than circular.Other topics included the definitions of different unit of time,ecentric models and epicyclic models.

****************************

## <u>ലിറ്റിൽ കൈറ്റ്സ് ക്ളാസ്  മുറികളിൽ നിന്നും</u>



**“AT HOME FUNCTION IN RAJ BHAVAN”**

കഥ

# മനസ്സിനോരത്ത്

ANJALI AS X C

മനസ്സിൽ എത്ര തന്നെ വിഷമം ഉണ്ടായാലും ഒരു പുഴയുടെ അരികിൽ ഇരിക്കുമ്പോൾ അത് ആ പുഴയിലൂടെ ഒഴുകി പോകുന്ന പോലെ തോന്നും. നീണ്ടൊഴുകുന്ന പുഴയുടെ ഭംഗി അതൊരു വേറിട്ട കാഴ്ച്ച തന്നെയാണ്. മനസ്സിന് കുളിർമയേകുന്ന കാഴ്ച്ച തന്നെയാണ് പുഴയുടെ ഭംഗി. ഒഴുകുന്ന പുഴയുടെ നാദം കാതോർത്തിരുന്നാൽ നാമതിൽ അലിയുന്ന പോലെ തോന്നും.

ഒരൊറ്റപ്പെട്ട കാട്ടിനുള്ളിൽ നാം അകപ്പെട്ടാലും ഒരു പുഴയുടെ കളകളാരവം കേട്ടാൽ നാം ആ പുഴയുടെ അരികിൽ പോകുകതന്നെ ചെയ്യും. അതാണ് പുഴയുടെ പ്രത്യേകത.

ചെറുനാദത്തോടെയൊഴുകുന്ന പുഴയിലേക്ക് കിഴക്കുദിച്ചുയരുന്ന സൂര്യകിരണങ്ങൾ പതിക്കുമ്പോൾ കണ്ണാടിച്ചില്ലിൽ നോക്കുന്നത് പോലെ നമുക്ക് അനുഭവപ്പെടും, ആർക്കായിരുന്നാലും അങ്ങനെ തന്നെ തോന്നും. പുഴയുടെ സൗന്ദര്യം നമ്മിലേക്ക് ശരിക്കും ആകർഷിക്കുന്നതുപോലെ നമുക്ക് അനുഭവപ്പെടും.

സത്യം പറഞ്ഞാൽ പ്രകൃതിയുടെ ഈ വരദാനം വിലമതിക്കാനാകാത്ത നിധി തന്നെയാണ്. അതിനെ നാം കരുതലോടെ കാക്കണം. പക്ഷേ ഇപ്പോൾ നാം പ്രകൃതിയെ മലിനമാക്കുകയാണ് ചെയ്യുന്നത്. നാം അത് ഒരിക്കലും ചെയ്യാൻ പാടുള്ളതല്ല എന്ന് നാം സ്വയം മനസ്സിലാക്കണം.

'പുഴ നമ്മിലും നാം പുഴയിലും ഒഴുകുന്നു.'

##########################

കവിത

**മഴ**

ARFANA R IX C

മഴയെ, നിനക്കെന്തൊരു വാചാലത
നിന്റെ ഓരോ തുള്ളിയും ചേർന്ന് പെരുവെള്ളമാകുമ്പോൾ
എത്ര എത്ര ജനങ്ങളാണ് വീർപ്പുമുട്ടുന്നതു
നിൻ സാമീപ്യത്തിൽ പ്രകൃതിതൻ ഭാവം മാറിടുന്നു.
നിൻ  രൗദ്ര ഭാവം കണ്ടു ഞങ്ങൾ ഭയന്നിടുന്നു.
ഈ കൊച്ചു കേരളത്തെ വിഴുങ്ങുകയാണോ നീ?
നിൻ അന്തരംഗത്തിലെ വീർപ്പുമുട്ടലുകൾ ഞങ്ങളറിയുന്നു .
നിൻ ജീവന്റെ ഭാഗമായ നദിയെ നമ്മളോരോരുത്തരും
മലീമസമാക്കി വേദനിപ്പിച്ചിടുമ്പോൾ ...
നിൻ തുടിപ്പുകളോരോന്നും നമ്മളറിയുന്നു
മഴയെ  നിൻ വേദന ഇപ്പോൾ നാമറിയുന്നു.
ൎൎൎൎൎൎ



കഥ

## കരയുന്ന പുഴ

Resmi R IX C


ഒരു കൊച്ചു ഗ്രാമത്തിൽ അതി സുന്ദരമായ ഒരു പുഴയുണ്ടായിരുന്നു. ആ ഗ്രാമത്തിലെ ആളുകൾ അതിനെ മലിനമാക്കാതെ സൂക്ഷിച്ചിരുന്നു. ആ പുഴയിൽ കുട്ടികൾ കളിക്കാൻ പോകുമായിരുന്നു. ആ ഗ്രാമത്തിൽ കൊച്ചു കൊച്ചു വീടുകളാണുള്ളത്. അവിടെ ഒരു സമ്പന്നനായ മനുഷ്യൻ ഫാക്ടറി നിർമ്മിക്കാൻ വന്നു. അവിടെ ഫാക്ടറി വന്നതോടെ ആ പുഴ മലിനമാകാൻ തുടങ്ങി. കാരണം ആ ഫാക്ടറിയിൽനിന്നും വരുന്ന മാലിന്യം ആ പുഴയിലേക്കാണ് കടത്തിവിട്ടത്. അങ്ങനെ ദിവസവും നടന്നുകൊണ്ടിരുന്നു.. അപ്പോൾ ആ ഗ്രാമത്തിലെ ആളുകൾ ഇക്കാര്യം ചോദിക്കാനായി ആ ഫാക്ടറിയുടെ ഉടമസ്ഥനെ സമീപിച്ചു. അപ്പോൾ അയാൾ അവരെ ശകാരിച്ചു വിട്ടു. ആ ഗ്രാമത്തിലെ ആളുകൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ആ പുഴയിൽ മാലിന്യങ്ങൾ അടിഞ്ഞതോടെ കുട്ടികൾ ആ പുഴയെ വെറുക്കാൻ തുടങ്ങി. അങ്ങനെ ആ പുഴ വേദനിച്ചു കരയാൻ തുടങ്ങി. ഈ ലോകത്ത് ഇങ്ങനെയാണ് ഓരോ പുഴയ്ക്കും സംഭവിക്കുന്നത്. പുഴയെ നശിപ്പിക്കാതെ അതിനെ സംരക്ഷിക്കുകയാണ് വേണ്ടത്. പുഴകളില്ലെങ്കിൽ വെള്ളം ലഭിക്കില്ല. അങ്ങനെ ഓരോ ജീവജാലങ്ങളും നശിക്കാൻ തുടങ്ങും. നാം ഈ ഭൂമിയേയും ഈ ഭൂമിയിലെ ജലസ്രോതസ്സുകളെയും നശിപ്പിച്ചാൽ, നമ്മുടെ നാശം നാം തന്നെ വരുത്തുകയായിരിക്കും.

**'പുഴയെ സ്നേഹിക്കുക,അതിനെ സംരക്ഷിക്കുക.'**

ലേഖനം

# Periodic Table of Chemical Elements: Impact on Human Welfare’

ANGHA CHANDRAN




## Impact of elements in various fields

**1** **IN NATURE—Living things need oxygen,Nitrogen,Phosphorous,Sodium, Potassium,iron...**

**2** **INDUSTRIES-- Galvanisation,as catalist,Electroplating,metallurgy,magnet,talcum powder,machines&appliances.....**

3 **MEDICINAL FIELDS---Iodine-goiter,Co-cancer,Na& K-metabolism,Fe-anemia, Ca-bones&teeth....**

4 **AGRICULTURE--- Manure,increasing production,oxygen,nitrogen fixation**

5 **ECONOMY—Gold,silver,platinum used for Making jewelleries,valuable stones.monozite...**

6 **ENERGY PRODUCTION—Uranium,Thorium,Plutonium,Hydrogen,fuel cells**

7 **PALENTOLOGY—Carbon 14 age of fossils**

8 **SCIENTIFIC FEILD—To discover new elements and predict their properties,new inventions**

9 **DAILY LIFE-All vessels, appliances,elecrical &mechanical gadgets,**

10 **SPACE RESEARCH-- Hydrogen as fuels ,parts of rockets& aeroplanes.....**

## ADVANTAGES

**It helped human to have knowledge of chemical elements present on earth**

knowledge of metals &non metals we can use

**Discover various method to produce new compounds**

**Leads to the discovery of new ,artificial,radioactive elements and also**

predict their characterisics

It help to increase life span,decrease diseases,increase the productivity ,

reduce the costs,increases the economy,decrease deforestation

It is applicable in physics,engineering,biology,industry,
& technological developments

It helpful to students ,scientists,teachers&all to remember
properties same gp have same properties

It help to advance the various new fields like biotechnology,maxofacial,
cosmetics

## DISADVANTAGES

*Causes various pollutions

*Leads to global warming

*Leads to climatic changes

* increases number of diseases

*poisonous food items

## Generally periodic chemical elements was a boon and also a curse for humanity

$$$$$$$$$$$$

കഥ

# സ്നേഹം

DURGESH DUINU IX A

"അമ്മെ... അമ്മെ ....രാവിലേ കിടക്കയിൽ കിച്ചു വിളി തുടങ്ങി . "മോനെ, ഇന്ന് ശനിയാഴ്ചയാണ് നീ കുറച്ചു കൂടി കിടന്നോ" അമ്മ പറഞ്ഞു .കുറച്ചു കഴിഞ്ഞ് അടുക്കളയിലേക്ക് പോയി. പത്തുവയസ്സാണ് കിച്ചുവിന്. അവൻ അടുക്കളയിൽ പോയപ്പോൾ അമ്മ അവിടെ ജോലിചെയ്യാതെ ഇരിക്കുകയായിരുന്നു കിച്ചു അമ്മയോട് ദേഷ്യപ്പെട്ടു "അമ്മെ എനിക്ക് വിശക്കുന്നു.അമ്മ ഒന്നും ഉണ്ടാക്കിയില്ല”? അമ്മ പറഞ്ഞു "മോനെ എനിക്ക് വയ്യ. അച്ഛനാണെങ്കിൽ ജോലിക്കു പോയി." കിച്ചു അതൊന്നും കേൾക്കാത്തമട്ടിൽ നിന്നു. എന്നിട്ടു കസേര തറയിൽ തള്ളിയിട്ടു ഇറങ്ങിപ്പോയി . അമ്മ അവനെ വിളിച്ചു."മോനെ, പോകരുത് ഞാൻ ആഹാരം ഉണ്ടാക്കാം.” പക്ഷെ അവനതു കേട്ടില്ല കിച്ചുവിന് പിറകെ അമ്മ വയ്യാതെ പിന്തുടർന്ന് കുറച്ചു ദൂരം പോയപ്പോൾ കിച്ചു തിരിഞ്ഞു നോക്കി. അവനു പരിചയം ഇല്ലാത്ത സ്ഥലം. അവൻ പേടിച്ചു കരഞ്ഞു അപ്പോൾ അമ്മ അവന്റെ മുന്നിൽ വന്നു പറഞ്ഞു.

"മോനെ, അമ്മ പറഞ്ഞാൽ കേൾക്കണം" അപ്പോൾ കിച്ചു അമ്മയോട് ക്ഷമ ചോദിച്ചു. അമ്മയുടെ സ്നേഹം കണ്ടു അവൻ കരഞ്ഞു പോയി.

------------------------

ലേഖനം

# വായനയുടെ നന്മ

Munavira farhana P 10 A

"വായിച്ചാൽ വളരും, വായിച്ചില്ലേൽ വളയും" എന്ന് നാം കേട്ടിട്ടുണ്ട്. വായന ഒരു ശീലമാക്കേണ്ടതുണ്ട്. വായനയിലൂടെ മാത്രമാണ് നമുക്ക് എല്ലാം മനസ്സിലാക്കാൻ കഴിയുന്നത്. വായന എന്നു പറഞ്ഞാൽ വെറുതെയൊരു വായന മാത്രമായി അതിന്റെ അർഥം ഗ്രഹിച്ചു വേണം വായിക്കാൻ. വായനയിലൂടെ നമുക്കു അറിവുകൾ നേടാൻ കഴിയും. സ്കൂളിലെ പാഠപുസ്തകം മാത്രം വായിച്ചാൽ ആ ഒരു ചെറിയ മാത്രമേ നമുക്ക് അറിയാൻ സാധിക്കുകയുള്ളു. പാഠപുസ്തകങ്ങൾക്കു അപ്പുറം ഒരു വലിയ ലോകമുണ്ട്. എന്ന് അറിയണമെങ്കിൽ നാം പലതരത്തിലുള്ള പുസ്തകങ്ങൾ വായിക്കണം. പുസ്തകങ്ങൾ നമ്മുടെ കൂട്ടുകാരാണ് വായനയുടെ വളർച്ചക്കായി ജൂൺ 19 ന് നാം വായനാദിനമായി ആചരിക്കുന്നു. പുതുവായിൽ നാരായണപ്പണിക്കർ എന്ന പി എൻ പണിക്കരുടെ ചരമദിനമാണ് ജൂൺ 19 നമ്മെ വായനയെ ലോകത്തു കൈപിടിച്ചുയർത്തിയ പ്രമുഖരിൽ ഒരാളാണ് പി എൻ പണിക്കർ. ആദ്യ ഗ്രന്ഥശാലയായ സനാതന ധർമ്മവായനശാല സ്ഥാപിച്ചത് പി എൻ പണിക്കർ ആണ്.

ആധുനിക കാലത്തു നമ്മുടെ സമൂഹത്തിൽ പുസ്തകവായന കുറഞ്ഞു വരികയാണ്. എന്നാൽ ചിലർ ഇന്ന് ഇ _വായനയെ ആശ്രയിക്കുന്നു. പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങിക്കാതെ ഗൂഗിൾ വഴി ഇ_ വായന നടത്തുന്നവരാണ് ഇന്നത്തെ സമൂഹത്തിൽ കൂടുതലും. എന്നാൽ പുസ്തകങ്ങൾ വാങ്ങുകയോ ലൈബ്രറിയിൽ നിന്ന് എടുക്കുകയോ ചെയ്തു വായിക്കുന്നതാണ് ഏറ്റവും നല്ലത്. ലൈബ്രറിയിൽ പുസ്തകങ്ങൾ ഏറെ ഉണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് സത്യം. പലതരത്തിലുള്ള പുസ്തകങ്ങൾ

നമുക്ക് ലൈബ്രറിയിൽ നിന്നും മറ്റും കിട്ടുന്നുണ്ട്. അതിൽ ഏതാണോ നമുക്ക് ഇണങ്ങിയത് അത് നമുക്ക് വായിക്കാം എന്നാൽ കൂടുതൽ പേരും ഇന്നത്തെ കാലത്തു അത് ഉപയോഗപ്പെടുത്തുന്നില്ല. പുസ്തകങ്ങൾ വായിക്കുന്ന വഴി നമുക്ക് അറിവുകൾ നേടാൻ കഴിയും . വായനയുടെ ലോകത്തേക്ക് നമ്മെ കൈപിടിച്ചുയർത്തുന്നവരാണു പുസ്തകങ്ങൾ. പുസ്തകങ്ങളെ നമ്മുടെ ഉറ്റ സുഹൃത്തുക്കളാക്കുക . വായന എന്ന ശീലം സ്വയം വളർത്തുക വായനയുടെ പുതിയ ലോകത്തേക്കു എല്ലാവരും പ്രതീക്ഷയോടെ വളരുക .

വായിക്കുക....വായിക്കുക... വായിക്കുക

***********************************

## അമ്മമാർക്കുള്ള ഹൈടെക് ക്ളാസ്



കവിത

**നിന്നെകാത്തു**

Asin j s X A

എൻ കിനാക്കളിലെ തൂമഴ നീ
എന്നെ ഉണർത്തുന്ന താരാട്ടു നീ
അമ്മയെ പോൽ തലോടും നീ
നിന്റെ ഓരോ തുള്ളിയുമെൻ
കരളിനെ തൊട്ടു തലോടുന്നു
അതിലൂടെ നീയെൻ കരളിന്റെ
തുടുപ്പുകളറിയുന്നു.
ബാല്യകാലസ്മരണകളിൽ
നീയൊരു കളിക്കൂട്ടുകാരി.
എന്നെ ഞാനാക്കിയ
കളികൂട്ടുകാരി ......
നിൻവരവും കാത്തിരിക്കുന്നു ഞാൻ
ഇനി മുതൽ എന്നേക്കും....
$$$$$$$$$$$$$$$$$$

## MICHEAL FARADAY

KAVYA PRINCE(9 A)



Micheal faraday is known as “ FATHER OF ELECTRICITY”.

From experiments conducted along with Sir Humphry Davy, he found that some liquid

substance can be  separated in to their components by passing elecricity through them

(elecrolysis).There after he proposed the Laws in connection with this (Law of Electrolysis).

However they failed to explain the reasons behind the process

---------------------------------------------------------------------------

ലേഖനം

# ആരോഗ്യമുള്ള ഒരു മികച്ച പരിസ്ഥിതി എങ്ങനെഉണ്ടാക്കാം

Dheeraj S IX A

ഇന്ധനം നമ്മൾ മനുഷ്യർക്ക് മാത്രം ഉപയോഗപ്രദമാകുന്ന ഒന്നാണ്. ഇന്ധനം പലതരത്തിൽ ഉണ്ട്. ഉദാഹരണമായി പെട്രോൾ, കെറോസിൻ, ക്രൂഡോയിൽ എന്നിവയാണ്. ഇവയുടെ ഉപയോഗം ഒരോന്നിനും വ്യത്യസ്തമാണ്. ഈ ഇന്ധനങ്ങളുടെ പ്രതിഫലനം വളരെ അപകടകാരമാണ്. ഇവ ഉപയോഗിക്കുന്നതിലൂടെ വായുവിൽ ഈ ഇന്ധനങ്ങളുടെ പുകപടലം സംയോജിക്കുകയും അതിലൂടെ വായുവിലുള്ള ഓക്സിജൻ കാർബൺഡൈഓക്സൈഡായി മാറുകയും ചെയ്യുന്നു. ഈ മാറ്റത്തിലൂടെ ജീവജാലങ്ങൾക്ക് ശ്വസിക്കാനുള്ള ഓക്സിജന്റെ അളവ് കുറഞ്ഞു കൊണ്ടിരിക്കുന്നു. അതുമൂലം ജീവജാലങ്ങൾക്ക് പ്രതിരോധശേഷി നഷ്ടമാവുകയും കൂടാതെ അവയുടെ ശരീരത്തിലുള്ള ഗ്ലൂക്കോസിനെ ഉടച്ചു രക്തത്തിൽ കലർത്തി ശരീരത്തിന് ഉപയോഗപ്രദമായ രീതിയിൽ ഗ്ളൂക്കോസ് എത്തിച്ചു കൊടുക്കാൻ സാധിക്കുകയില്ല. ഇതിനാൽ ശരീരാവയവങ്ങളുടെ പ്രവർത്തനം കുറയുകയും പിന്നീട് രോഗങ്ങളായി മാറുകയും അത് മരണത്തിലെത്തിക്കുകയും ചെയ്യുന്നു. അതിനാൽ മുഖ്യ പങ്കു വഹിക്കുന്നത് നമ്മൾ നമ്മളുടെ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന വാഹനത്തിൽ നിന്നും പുറന്തള്ളപ്പെടുന്ന കാർബൺ മോണോക്സൈഡ് എന്ന വായുവാണ്. നമ്മൾ നമ്മളുടെ ജീവിതത്തിൽ

ഇന്ധനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെയാണ് ഇതിനെ പറ്റിയാണ് ഇനി പറയാൻ പോകുന്നത്. നമ്മൾ തീ കത്തിക്കുമ്പോൾ തീ വേഗത്തിൽ കത്തിപിടിക്കാനായി മണ്ണെണ്ണ ഉപയോഗിക്കുന്നു. വാഹനങ്ങൾ പ്രവർത്തിക്കാൻ വേണ്ടി പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിക്കുന്നു. ഇതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. ഇന്ധനങ്ങൾ കൊണ്ട് മനുഷ്യർക്ക് ഒട്ടേറെ പ്രയോജനമാണുള്ളത്.

അതുകൂടാതെ മനുഷ്യർക്കും പ്രകൃതിക്കും മറ്റ് ജീവജാലങ്ങൾക്കും വളരെയേറെ ദോഷകരമാണ്. അതിനാൽ നമുക്ക് ഇന്ധനം സംരക്ഷിച്ചുകൊണ്ട് ആരോഗ്യമുള്ള ഒരു മികച്ച പരിസ്ഥിതി ഉണ്ടാക്കിയെടുക്കാം. അതിനു വേണ്ടി ചെയ്യേണ്ടതാണ് ഇനി പറയാൻ പോകുന്നത്. ഇന്ധനങ്ങൾ വളരെ അത്യാവശ്യമായ സാഹചര്യത്തിൽ മാത്രം ഉപയോഗിക്കുക . ഒരിക്കലും ഇന്ധനങ്ങൾ ദുരുപയോഗംചെയ്യരുത്. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വയിൽ നിന്നും പലരീതിയിൽ ഉള്ള മാലിന്യങ്ങൾ ഉണ്ടാകുന്നു. ഭക്ഷണാവശിഷ്ടങ്ങളും പേപ്പർ, പ്ലാസ്റ്റിക്കുകൾ എന്നിവ ഒരു പ്രത്യേക സ്ഥലത്തു കത്തിച്ചു കളയേണ്ടതാണ്. ആ ചാരം ചെടികൾക്ക് ഉപയോഗിക്കാവുന്നതാണ്.കനം കൂടിയ പ്ലാസ്റ്റിക്കുകൾ കത്തിച്ചു കളയുമ്പോൾ ക്യാൻസറിനു കാരണമാവുന്ന വാതകങ്ങൾ ഉണ്ടാവുമെന്നതിനാൽ അവ മനുഷ്യവാസമുള്ള സ്ഥലത്തിന് അകലെ മാറ്റി കത്തിച്ചു കളയേണ്ടതാണ്. ഇതിലൂടെ നമുക്ക് ഗുണകരമായി ഭാവിക്കുന്ന കാര്യങ്ങൾ ഒന്ന് ഇന്ധനം സംരക്ഷിക്കുക, രണ്ടു ആരോഗ്യമുള്ള ജീവിതം ,മൂന്നു മികച്ച പരിസ്ഥിതി എന്നിവയാണ്.

വാഹനങ്ങൾ പ്രവർത്തിക്കാൻ വേണ്ടി ഇന്ധങ്ങൾ ആവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കുക. ആവശ്യമില്ലാതെ തൊട്ടടുത്ത് പോകാൻ

പോലും വാഹനങ്ങൾ ഉപയോഗിക്കുന്ന കാലമാണ് ഇപ്പോൾ ഉള്ളത്. അതുകൊണ്ടു മിക്കപ്പോഴും തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ ദയവായി വാഹനങ്ങളുടെ സഹായം തേടാതിരിക്കുക. അത്തരം സന്ദർഭങ്ങളിൽ സൈക്കിൾ ഉപയോഗിക്കുക നമ്മൾ ഓരോ ദിവസവും ഇന്ധനങ്ങൾ ഉപയോഗിക്കുമ്പോൾ പുറംതള്ളപ്പെടുന്ന വായു പ്രകൃതിയെ വിപരീതരീതിയിൽ ബാധിച്ചു കൊണ്ടിരിക്കുകയാണ്. അതിനാൽ പ്രകൃതി നശിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പ്രകൃതിയെ സംരക്ഷിക്കുക. ഇതിലൂടെ നമുക്ക് ഗുണകരമായി ഭവിക്കുന്ന കാര്യങ്ങൾ ഒന്ന് ഇന്ധനം സംരക്ഷിക്കുക, രണ്ടു ആരോഗ്യമുള്ള ജീവിതം ,മൂന്നു മികച്ച പരിസ്ഥിതി എന്നിവയാണ്.

ഭക്ഷണാവശിഷ്ടങ്ങളും പേപ്പർ, പ്ലാസ്റ്റിക്കുകൾ എന്നിവ ഒരു പ്രത്യേക സ്ഥലത്തു കത്തിച്ചു കളയേണ്ടതാണ്.ആ ചാരം ചെടികൾക്ക് ഉപയോഗിക്കാവുന്നതാണ്. കാണാം കൂടിയ പ്ലാസ്റ്റിക്കുകൾ കത്തിച്ചു കളയുമ്പോൾ ക്യാൻസറിനുകാരണമാവുന്ന വാതകങ്ങൾ ഉണ്ടാവുമെന്നതിനാൽ അവ മനുഷ്യവാസമുള്ള സ്ഥലത്തിന് അകലെ മാറ്റി കത്തിച്ചു കളയേണ്ടതാണ് .ഇതിലൂടെ നമുക്ക് ഗുണകരമായി ഭാവിക്കുന്ന കാര്യങ്ങൾ ഒന്ന് ഇന്ധനം സംരക്ഷിക്കുക, രണ്ടു ആരോഗ്യമുള്ള ജീവിതം ,മൂന്നു മികച്ച പരിസ്ഥിതി എന്നിവയാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**കവിത**

# പടി കടന്നവർ

DEEPA DEVI TS (MAL,Tr)

കാലം വരണ്ടുണങ്ങുന്നു
ചില മനസ്സുകളും
കുളിരുള്ള ഒരു വെളുപ്പാൻകാലം
കരിമ്പടം മൂടിപ്പുതച്ചു
പടിയിറങ്ങി പോയി
തിരികെ വന്നതേയില്ല
തിമിർത്തുപെയ്യുന്ന ഇടവപ്പാതി
നരച്ച കാലൻ കുടയുമായി
കാലുകൾ നീട്ടിവച്ചു
നടന്നുപോയി
ഇടിവെട്ടും മിന്നൽപിണരുകളുമായി
പേടിപ്പിക്കാൻ വരുന്ന
തുലാവർഷത്തെയും കാണാനില്ല
വിയർത്തൊലിച്ചു ഇത്തിരി
സംഭാരം വാങ്ങികുടിക്കാൻ
ഉമ്മറത്തിണ്ണയിലേക്കു
മീനച്ചൂടും വന്നെത്തിയില്ല
മഴെന്നോ, മഞ്ഞെന്നോ
വെയിലെന്നോ വേർതിരിയാതെ
കാലക്കേടുകൾ മാത്രം
ഇപ്പോഴും കയറി വന്നു

@@@@@@@@@

കഥ

# നമ്മുടെ വേരുകൾ

Ancy P Lowerce X C

അധ്യാപകൻ തുടർന്നു "ഭൂമി നമ്മുടെ അമ്മയാണ് കുഞ്ഞുങ്ങളെ ....നിങ്ങൾക്കറിയാമോ ഭൂമി എങ്ങനെയാണ് നമ്മുടെ അമ്മയാവുന്നതെന്ന് ?" വിദ്യാർത്ഥികൾ അധ്യാപകന് ഭ്രാന്താണെന്ന മട്ടിൽ മിഴിച്ചുനോക്കികൊണ്ടിരുന്നു. "ഭൂമി അമ്മയാണുപോലും...അല്ലേയല്ല... ഭൂമി എങ്ങനെ നമ്മുടെ അമ്മയാവുന്നത്? ഭൂമി മനുഷ്യനല്ലല്ലോ" എന്നിങ്ങനെ കുട്ടികൾ തമ്മിൽ പിറുപിറുത്തുകൊണ്ടിരുന്നു. അധ്യാപകന്റെ ചോദ്യത്തിന് സംശയങ്ങളല്ലാതെ ഉത്തരം ലഭിച്ചില്ല. അങ്ങനെ അദ്ധ്യാപകൻ പറയാൻ തുടങ്ങി.

എല്ലാവരും ശ്രദ്ധിക്കു... ഞാൻ പറയാം ഭൂമി എങ്ങനെ നമ്മുടെ അമ്മയാവുന്നതതെന്ന്? നമ്മുടെ വീട്ടിലുള്ള അമ്മയാണ് ജനനി യെങ്കിലും, നമ്മെ സംരക്ഷിക്കുന്ന അമ്മയാണ് ഭൂമി ഉദാഹരണത്തിന് നോക്ക് .. വൃക്ഷങ്ങൾ ഭൂമിയിലല്ലേ വേരുറപ്പിച്ച് നിൽക്കുന്നത്. ആ വൃക്ഷങ്ങൾ നൽകുന്ന ശുദ്ധവായു കാരണമല്ലേ നമ്മുടെ ജീവൻ നിലനിർത്തുന്നതിന് ആവശ്യമായ ആഹാരം , വെള്ളം തുടങ്ങിയവയും ഭൂമിയിൽ നിന്നല്ലേ നമുക്ക് ലഭിക്കുന്നത്?

കുട്ടികളെല്ലാം അധ്യാപകൻ പറയുന്നതെല്ലാം ശ്രദ്ധിച്ചിരുന്നു. പെട്ടെന്ന് ഒരു കുട്ടി ചോദിച്ചു " ഭൂമി നമ്മുടെ അമ്മയാണെങ്കിൽ പിന്നെ നമ്മെ വെറുതെ ഉപദ്രവിക്കുന്നതെന്തിനാ ? അമ്മമാർ മക്കളെ ഉപദ്രവിക്കുകയില്ലല്ലോ"

അദ്ധ്യാപകൻ ചോദിച്ചു ആര് പറഞ്ഞു ഉപദ്രവിക്കില്ലെന്ന് നീ എന്തെങ്കിലും തെറ്റ് ചെയ്താൽ നിന്റെ അമ്മ നിന്നെ തല്ലില്ലേ? കുട്ടിക്ക് വീണ്ടും

സംശയമായി അവൻ പറഞ്ഞു  പക്ഷെ ഭൂമിയോട് എന്ത്  തെറ്റാ നാം ചെയ്യുന്നത്? അധ്യാപകൻ കുട്ടിയോട് പറഞ്ഞു തരാം ശ്രദ്ധിച്ചു കേട്ടോളു നമുക്ക് ശുദ്ധവായു തരുന്ന മരങ്ങൾ മുറിച്ചു ആ നിലം നികത്തുന്നില്ലേ? വയലുകൾ നികത്തി വലിയ വലിയ മാളുകളും ഫ്ലാറ്റുകളും കെട്ടി ഉയർത്തുന്നില്ലേ, ഫാക്ടറിയിൽ നിന്ന് മലിനജലം, പുഴയിലേക്കും കടലിലേക്കുമൊക്കെ ഒഴുക്കുന്നില്ലേ ഇതിലൂടെയെല്ലാം ഭൂമിയെ നാം ഉപദ്രവിക്കുകയാണ് , ഭൂമിയെ നാം അങ്ങനെയാണൊ അയ്യോ പാവം ഭൂമിക്കു എന്ത് വേദനിക്കുന്നുണ്ടാവും അല്ലെ? കുട്ടി ചോദിച്ചു

അധ്യാപകൻ തുടർന്ന് ഇങ്ങനെ മനുഷ്യർ ഭൂമിയെ ഉപദ്രവിക്കുന്നത് കൊണ്ടാണ് നമുക്ക് പല അപകടങ്ങളും വരുന്നത്. അതുകൊണ്ടു നമ്മെക്കൊണ്ടു പറ്റുന്ന വിധം ഭൂമിയെ സംരക്ഷിക്കുക എന്ന് പറഞ്ഞു അധ്യാപകൻ അവസാനിപ്പിച്ചു.

ആ സമയം ബെല്ലടിച്ചു ക്ലാസ് കഴിഞ്ഞു. കുട്ടികളെല്ലാം വീട്ടിലേക്കു മടങ്ങി.

&&&&&&&&&&&&&&&&&&&&&&&&&&




BY

ANOOP MS X A

കഥ

# അഭിമാനം

SREEDEV S M X A

ഒരു നാട്ടിൽ അമ്മയും മകനും ഉണ്ടായിരുന്നു. അവർ വലിയ സമ്പന്നരൊന്നുമല്ലെങ്കിലും അവർ കള്ളം പറയില്ല. അതുപോലെ തന്നെ എന്ത് കുറവ് ഉണ്ടെങ്കിലും മറ്റുള്ളവരുടെ അടുത്ത് ഒന്നിനുവേണ്ടിയും യാചിക്കുകയുമില്ല. മകൻ വിദ്യാലയം വിട്ടു വന്നു കൂലിവേല ചെയ്തിട്ടാണ് അന്നന്നുള്ള കാര്യങ്ങൾ നടന്നു പോകുന്നത്. ഒരു ദിവസം അവനു തീരെ വയ്യാണ്ടായി അന്നത്തെ ദിവസം അവർ ഒന്നും കഴിച്ചില്ല. അങ്ങനെയിരിക്കെ അയൽക്കാരൻ കുറച്ചു പണം കൊടുത്തു. അവർ അത് വാങ്ങിയില്ല. അയാൽ അവർക്കു ഒരു ജോലി കൊടുക്കാമെന്നു പറഞ്ഞു. അവർ അത് സന്തോഷത്തോടെ സ്വീകരിച്ചു. പിറ്റേന്ന് മുതൽ 'അമ്മ ജോലിക്കു പോയി. അങ്ങനെ അവർ സുഖമായി ജീവിച്ചു.

---



# WILHELM ROENTGEN

VISHNAVI A M (9A)



The experiment  conducted by Wilhelm Roentgen using Crookes dicharge tube led to the

discovery of X -rayson 8th November1895 .He placed an Aluminium plate on the path of

cathode rays and reflected the rays .A special type of rays emerged which were the called X

-rays itself>It was an accidental discovery that happened while doing studies on the

characteristics of substances.X rays widely used in medical science,industry,construction

fields ….

^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^

# വീണ്ടും ഒഴുകുന്നു

Shabna IX C

മനോഹരമായ ഒരു സ്ഥലം . അവിടെ കാലങ്ങളായി ഒരു മനോഹരമായ പുഴ ഒഴുകിയിരുന്നു. അവിടെയൊരു ഗ്രാമം . അവിടെ ധാരാളം ചതുപ്പുനിലങ്ങളും ഉണ്ടായിരുന്നു.

ആ ഗ്രാമത്തിൽ ഉള്ള ആളുകൾ ആ പുഴയിൽ നിന്നാണ് വെള്ളം എടുത്തിരുന്നത്. അവിടത്തെ അന്തരീക്ഷം വളരെ ഭംഗിയായിരുന്നു.

അവിടെ ധാരാളം മരങ്ങളും ഉണ്ടായിരുന്നു. വളരെ അധികം വർഷങ്ങൾക്കു ശേഷം അവിടെ പട്ടണത്തിൽ നിന്നു ആളുകൾ വന്നു മരങ്ങളെല്ലാം വെട്ടിക്കളഞ്ഞു. ചതുപ്പുനിലങ്ങളെല്ലാം നികത്തി. അതിനു ശേഷം ആ പുഴയെ ആരും കണ്ടിട്ടില്ല. അവിടത്തെ അന്തരീക്ഷം ആകെ മാറി കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ സ്ഥാലമാകെ വറ്റിവരണ്ടു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ സ്ഥലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടു ആളുകൾ അമ്പരന്നു. ആ ഗ്രാമത്തെ ഈ ഗതിയിൽ ആക്കിയ ആളുകളെ പോയിക്കണ്ടു. എന്നിട്ടു ആ സ്ഥലം വറ്റിവരണ്ടു പോകാൻ കാരണം എന്താണെന്ന് അവർ പറഞ്ഞു. ആ ഗ്രാമത്തെ പഴയപോലെ തിരിച്ചു കൊണ്ട് വരുന്നതിനു വേണ്ടി അവിടെ കെട്ടാൻ ഉദ്ദേശിക്കുന്ന ഫ്ലാറ്റുകളും വില്ലകളുടെയും പണി എല്ലാം ഒഴിവാക്കുക. എന്നിട്ടു ആ സ്ഥലത്ത് മരങ്ങൾ നട്ടുപിടിപ്പിക്കുക അങ്ങനെ അവർ ചെയ്തു. അതിനുശേഷം കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ ഗ്രാമം പഴയതുപോലെ ആയി. പിന്നെയും പുഴ ഒഴുകാൻ തുടങ്ങി. അതോടെ ആ

സ്ഥലം എല്ലാവരും അറിയപ്പെടാൻ തുടങ്ങി. പുഴകളെനിലനിർത്തണമെന്നു അപ്പോഴാണ് എല്ലാവരും മനസ്സിലാക്കിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## EUGEN GOLDSTEIN

ASHIYANA N S IX A



He was the scientists who recognized the presence of positive charge in gases by

conducting the discharge tube experiments.In 1886, he producedAnode rays using

discharge tube and found the presence of positive charge by studying the features of

anode rays.These experiments

and results gave toomany evidences to oppose Daltons Atomic Theory

@@@@@@@@@@@@@@

കഥ

# നീലാകാശം

Anjana AJ VIII C

ഒരിടത്തു ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ പേരാണ് അമ്മു. അവൾ എന്നും സ്കൂളിൽ പോകും. ഒരു ദിവസം അവൾ ആകാശം നോക്കി എന്ത് രസമാണെന്നു അവൾ പറഞ്ഞുകൊണ്ടേയിരുന്നു. പഞ്ഞി പോലുള്ള മേഘങ്ങൾ എങ്ങും കിടക്കുന്നു. നമ്മൾ ഭൂമിയിൽ നിന്നും നോക്കുമ്പോൾ അതിനു നീലനിറമാണ്. അവൾക്കു പറക്കാനും ആഗ്രഹം ഉണ്ടായിരുന്നു. അവൾ ചിത്രശലഭങ്ങളെ കാണുമ്പോൾ അവളുടെ ആഗ്രഹം അവരോടു പറയുമായിരുന്നു അപ്പോൾ ചിത്രശലഭം പറയുമായിരുന്നു, അമ്മു നീ ഒന്ന് മനസ്സിലാക്കണം. നീ ഒരു മനുഷ്യകുട്ടിയാണ്. നിനക്ക് ഒരിക്കലും പറക്കാൻ കഴിയില്ല. നീ വിഷമിക്കാൻ പറഞ്ഞതല്ല അടുത്ത ജന്മം നീ ഒരു പൂമ്പാറ്റയായി ജനിക്കാൻ ഞാൻ പ്രർത്ഥിക്കാം. ഇത് കേട്ടപ്പോൾ അമ്മുവിനു സന്തോഷമായി അന്ന് അവൾ സന്തോഷത്തോടെ സ്കൂളിൽ പോയി.

***************

# OIL CONSERVATION TOWARDS HEALTHY AND BETTER ENVIRONMENT

OIL conservation is the direct need of the hour.The rate at which humans have been using the fossil fuels is not only consuming future resources for coming generation,but is also polluting our environment alarmingly.The excessive use of fossil fuels have adversely affected man.Our environment is like a gigantic ballons of transparent life supporting gases that are being polluted with the tar like emission



Burning of fossil fuels has damaged this beautiful balloon to suchan extent that reclaiming it to its pristine purity and beauty is impossibility.man the foolish creatures fails to see that his very existence depends on this balloons.it is a known fact that carbondioxide ,a gasrealeased when fossil

fuels are burnt ,is one of the the primary gases responsible for global warming

HEALTH HAZARDS

Pollution caused by the emmision of gases produced is asthma  chronic obstructive,pulmonerydisorders and lung cancer.

## ഫീൽഡ്  ട്രിപ്പിലെ ചില  രംഗങ്ങൾ











# മാന്ത്രിക ജലം

Ancy P Lowernce X C

വിശാലവും മനോഹരവുമായ ഒരു ഗ്രാമം നിരവധി കുടിലുകൾ നിറഞ്ഞ ഒരു കൊച്ചു ഗ്രാമം സ്നേഹവും സാഹോദര്യവും നിറഞ്ഞ ആ കുഞ്ഞുഗ്രാമത്തിലെ ഒരു കൊച്ചു സുന്ദരി അവളുടെ പേരാണ് നീന. അവളുടെ സഹോദരി സീന. ഇരുവരെയും കഷ്ടപ്പെട്ടാണ് അവരുടെ മാതാപിതാക്കൾ വളർത്തിയത്ദാരിദ്ര്യവും പട്ടിണിയും അവരുടെ കൂടപ്പിറപ്പാണ്. എന്നാലും അവർക്കു വിഷമമില്ല. "ഉള്ളത് കൊണ്ട് തൃപ്തിപ്പെടുക." കുട്ടികളെ അവരുടെ മാതാപിതാക്കൾ പഠിപ്പിച്ചിട്ടുള്ളത്.

ഒരിക്കൽ നീനയുടെ അച്ഛന് ഒരു മാറാരോഗം പിടിപെട്ടു. ദിവസം കഴിയുന്തോറും അച്ഛന്റെ രോഗം വഷളായി. അങ്ങനെ അവരുടെ ദാരിദ്ര്യം വർദ്ധിച്ചു. എന്നാലും നീന തളർന്നില്ല. ആ ഗ്രാമത്തിൽ ഒരു പ്രധാന സ്ഥലം ഉണ്ടായിരുന്നു. വൃഷങ്ങളാലും പഴവർഗ്ഗങ്ങളാലും സമൃദ്ധമായ സുന്ദര വനം . അവൾ അവിടെ നിന്നും പഴങ്ങൾ പറിച്ചു വിട്ടു കുടുംബം പുലർത്തി.

ഒരു ദിവസം നീന പഴങ്ങൾ ശേഖരിക്കാൻ പോകുന്ന വഴിക്കു ഒരു വൃദ്ധയെ കണ്ടു. ആ വൃദ്ധയും സുഖമില്ലാത്തവരായിരുന്നു. അവർ നീനയോടു പറഞ്ഞു . "ഇവിടെ അടുത്ത് ഒരു മാന്ത്രികപുഴയുണ്ട്. കുറച്ചു വെള്ളമെനിക്ക് എടുത്തു തരാമോ?" നീന ആ വൃദ്ധ പറഞ്ഞതനുസരിച്ചു. പുഴയിലെ വെള്ളം കുടിച്ചതോടെ അവരുടെ രോഗം മാറി. അവർ നീനയോടു അവളുടെ അച്ഛനും ഈ പുഴയിൽ നിന്നും വെള്ളം കോരികൊണ്ടു കൊടുക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ നീന കുടത്തിൽ വെള്ളമെടുത്തു വീട്ടിലേക്കു മടങ്ങി വൃദ്ധ പറഞ്ഞതനു സരിച്ചു അവളുടെ അച്ഛന് വെള്ളം കൊടുത്തു. ഉടൻതന്നെ അച്ഛന്റെ രോഗം മാറി. പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു. ഇപ്പോഴും നീന നന്ദിയോടെ വൃദ്ധയെ ഓർത്തു.


Malayalam Keyboard
Small Finger
Ring
Middle
Right
Right
Middle
Ring
Small Finger
Tab
Caps Lock
Enter
Shift
Shift
Ctrl
Alt
www.EasyMalayalamTyping.com/malayalam/keyboard
Alt
Ctrl
Keyboard Layout for Malayalam and Malayalam Font
copyright 2019 @ EasyMalayalamTyping.com